# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 949

06.06.2018-ൽ മറുപടിയ്ക്ക്

## ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം

ചോദ്യം
ശ്രീ. കെ.സുരേഷ് കുറുപ്പ്

ഉത്തരം
അഡ്വ.കെ.രാജു
(വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി)

(എ) ഈ സർക്കാർ നടപ്പിലാക്കിയ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനത്തിന്റെ വിശദമായ വിവരം ലഭ്യമാക്കാമോ;

(എ) കാട്ടുതീ നിയന്ത്രിക്കുന്നതിന് വനപാലകർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനോടൊപ്പം, കാട്ടുതീ ഏതെങ്കിലും വനമേഖലയിൽ ഉണ്ടാവുകയാണെങ്കിൽ അത് ഉപഗ്രഹത്തിന്റെ സഹായത്തോടെ കണ്ടെത്തി ബന്ധപ്പെട്ട വനം വകുപ്പ് ഉദ്യോഗസ്ഥർക്ക് വിവരം ലഭിക്കത്തക്കവിധം ഡെറാഡൂൺ ആസ്ഥാനമായ ഫോറസ്റ്റ് സർവ്വേ ഓഫ് ഇന്ത്യ ഒരുക്കിയിട്ടുള്ളതാണ് ഫോറസ്റ്റ് അലർട്ട് സംവിധാനം. ഇതിലേയ്ക്കായി സംസ്ഥാനത്തെ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരും വൈൽഡ് ലൈഫ് വാർഡന്മാരും റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും ഫോറസ്റ്റ് സ്റ്റേഷന്റെ ചാർജ്ജുള്ള ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരും, സെക്ഷൻ ഫോറസ്റ്റ് ഓഫീസർമാരും ഇതിൽ പേര് രജിസ്റ്റർ ചെയ്ത് പ്രസ്തുത സംവിധാനം ഉപയോഗപ്പെടുത്തി വരുന്നു.

(ബി) ഈ സംവിധാനം ഏതൊക്കെ സ്ഥലങ്ങളിൽ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(ബി) കേരള സംസ്ഥാനത്തൊട്ടാകെയുള്ള വനമേഖലയിൽ ഫോറസ്റ്റ് ഫയർ അലർട്ട് സംവിധാനം പ്രയോജനപ്പെടുത്തി വരുന്നു.

V.Beena

സെക്ഷൻ ഓഫീസർ